LIBRARY ARCHIVES Kerala Legislative Assembly

പാമോലിൻ ഇറക്കുമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം

251 (3073) ശ്രീ. എസ്. ശർമ്മ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമോലിൻ ഇറക്കുമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പാമോലിൻ ഇറക്കുമതി അന്നത്തെ സപ്ലൈകോ മാനേജിംഗ് ഡയറക്ടർ തെറ്റാണെന്നുബോധിപ്പിച്ചിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ;

(സി) ഇറക്കുമതി ചെയ്യുന്ന കാര്യത്തിലെ തന്റെ വിയോജിപ്പ് സംബന്ധിച്ച് 2-6-2015-ന് ചീഫ് സെക്രട്ടറി നടത്തിയ പ്രസ്താവന വസ്തുതാപരമാണോയെന്ന് അറിയിക്കുമോ ;

(ഡി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥർ മേൽപറഞ്ഞ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ആരുടെ നേതൃത്വത്തിലുള്ള സംഘമാണിപ്പോൾ അന്വേഷണം നടത്തി വരുന്നത് എന്നും പാമോലിൻ ഇറക്കുമതി നടത്തിയ ഘട്ടത്തിൽ മുഖ്യമന്ത്രിയും ധനകാര്യവകുപ്പ് മന്ത്രിയും ആരൊക്കെയായിരുന്നവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത വിജിലൻസ് കേസ് അന്വേഷണം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് 6-2-2012-ൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ഇപ്പോൾ കോടതിയുടെ വിചാരണയിലുമാണ്.

(ബി) അന്വേഷണത്തിൽ വെളിവായിട്ടില്ല.

(സി) അന്വേഷണത്തിന് വിധേയമായ രേഖകളുടെ അടിസ്ഥാനത്തിൽ വസ്തുതാപരമല്ല.

(ഡി) ഇല്ല.

(ഇ) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷണം നടത്തുന്നില്ല. പാമോലിൻ ഇറക്കുമതി നടത്തിയ ഘട്ടത്തിൽ മുഖ്യമന്ത്രി കെ. കരുണാകരനും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുമായിരുന്നു.